# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1150** **10.08.2017-ൽ മറുപടിയ്ക്ക്**

## ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ .കെ.എസ്.ശബരീനാഥൻ<br>ശ്രീ.അൻവർ സാദത്ത്,<br>ശ്രീ.സണ്ണിജോസഫ്,<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; | എ) | കേരളത്തെ ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സ്കൂളുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മെച്ചപ്പെട്ട ഐ.ടി പശ്ചാത്തല സൗകര്യവും ഭൗതിക സാഹചര്യങ്ങളും ലഭ്യമാകുന്നതോടൊപ്പം അദ്ധ്യാപകർക്കും ജീവനക്കാർക്കും ഡിജിറ്റൽ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള പരിശീലനം, പഠനബോധന പ്രവർത്തനങ്ങൾ ആയാസ രഹിതവും രസകരവുമാക്കുന്നതിന് ഡിജിറ്റൽ ഉള്ളടക്ക നിർമ്മാണം, അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾക്ക് സഹായകമായ വിവിധ സോഫ്റ്റ് വെയർ സംവിധാനങ്ങൾ തുടങ്ങിയവ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. |
| ബി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ വർഷം എന്ത് തുകയാണ് ഇക്കാര്യത്തിനായി വിനിയോഗിക്കുന്നത്; | ബി) | സ്കൂൾ അഡ്മിഷൻ മുതൽ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തയ്യാറാക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ, കലാ-കായിക മത്സരങ്ങൾക്കുള്ള സോഫ്റ്റ് വെയർ, സ്കോളർഷിപ്പ്, ഉച്ചഭക്ഷണ പരിപാടി, ഓൺലൈൻ ടെക്സ്റ്റ്ബുക്ക് ഇൻറൻറിംഗ്, ഡിജിറ്റൽ പാഠപുസ്തകം, ഡിജിറ്റൽ പഠന വിഭവങ്ങൾ, അദ്ധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും, സർവ്വീസ് വിശദാംശങ്ങളുടെ ഡിജിറ്റലൈസേഷൻ തുടങ്ങി വിദ്യാഭ്യാസ മേഖലയിലെ ഒട്ടുമിക്ക പ്രവർത്തനങ്ങളും ഡിജിറ്റലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ഐ.ടി.@ സ്കൂൾ പ്രോജക്ടിൽ ലഭ്യമായ 32 കോടി രൂപ വിനിയോഗിക്കുന്നതാണ്. |
| സി) | ഡിജിറ്റൽ വിദ്യാഭ്യാസ സംസ്ഥാനമായി മാറ്റുന്നതിനോടൊപ്പം, മികച്ച കുടുംബ-വിദ്യാലയ അന്തരീക്ഷത്തിലൂടെ കുട്ടികൾ ജീവിതത്തെയും സമൂഹത്തെയും നേരിട്ട് അറിയുന്നതിന് അവസരം ഒരുക്കുന്നതിനുള്ള പഠനക്രമം ഒരുക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | സി) | ലോകത്തെവിടെയുമുള്ള പഠിതാക്കൾക്ക് ലഭിക്കുന്ന അറിവുകൾ നമ്മുടെ പൊതുവിദ്യാലയങ്ങളിലുള്ള ഏറ്റവും പാവപ്പെട്ട കുട്ടിക്കുപോലും ലഭ്യമാകുന്ന തരത്തിലുള്ള അറിവിന്റെ ജനാധിപത്യവൽക്കരണമാണ് ഡിജിറ്റൽ വിദ്യാഭ്യാസം ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ, കുടുംബവും സമൂഹവുമായുള്ള സഹവർത്തിത്തത്തിലൂടെ നേടേണ്ട അറിവും കഴിവും മനോഭാവവും ആർജ്ജിക്കാനുള്ള ഒരവസരത്തേയും ഇത് നിഷേധിക്കുന്നില്ല. നേരിട്ട് അനുഭവങ്ങൾ ലഭ്യമാക്കാൻ കഴിയുന്നിടത്തെല്ലാം അത്തരം സാധ്യതകൾ പ്രയോജനപ്പെടുത്താനാണ് പാഠ്യപദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ